ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 08.05.2026** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. പശ്ചിമ ബംഗാളിൽ സുവേന്ദു അധികാരിയുടെ നേതൃത്വത്തിലുള്ള ബിജെപി മന്ത്രിസഭ നാളെ സത്യപ്രതിജ്ഞ ചെയ്യും. അസമിൽ പുതിയ സർക്കാരിൻറെ സത്യപ്രതിജ്ഞ ചൊവ്വാഴ്ച.

   **BJP cabinet led by Suvendu Adhikari to be sworn in tomorrow in West Bengal. New government to be sworn in Assam on Tuesday.**

2. കേരളത്തിൽ പുതിയ മുഖ്യമന്ത്രിയെ തീരുമാനിക്കാനായുള്ള ചർച്ചകൾ പുരോഗമിക്കുന്നു. തമിഴ്നാട്ടിൽ പുതിയ സർക്കാർ രൂപീകരണത്തിന് ടിവികെയ്ക്ക് സിപിഐ, സിപിഐഎം, മുസ്ലിം ലീഗ് പാർട്ടികളുടെ പിന്തുണ.

   **Talks to decide new CM in Kerala progress. CPI, CPI(M) and Muslim League parties support TVK for new government formation in Tamil Nadu.**

3. രാജ്യത്തിന്റെ ശാക്തീകരണം പരിസ്ഥിതി, പൗരന്മാർ, സമൂഹം എന്നിവയുടെ സുരക്ഷയുമായി

ബന്ധപ്പെട്ടിരിക്കുന്നുവെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്.

**Empowerment of the country is linked to the safety of environment, citizens and society, says Defence Minister Rajnath Singh.**

4. രാജ്യത്തുടനീളമുള്ള വാണിജ്യ എൽ പി ജി വിതരണം ഏകദേശം 70 ശതമാനം പുനഃസ്ഥാപിച്ചുവെന്ന് കേന്ദ്ര സർക്കാർ.

**Commercial LPG supply across the country has been restored by about 70 percent, says the Central government.**

5. കേരളത്തിൽ കെ എസ് ആർ ടി സിയിലെ ജെൻഡർ ടിക്കറ്റിങ് സംവിധാനം നാളെ പ്രാബല്യത്തിൽ വരും

**Gender ticketing system in KSRTC in Kerala to come into effect tomorrow**

6. ഐഎസ്എലിൽ സ്പോർട്ടിംഗ് ഡൽഹിക്കെതിരെ ഒഡീഷയ്ക്ക് ജയം. ഐപിഎലിൽ ഡൽഹിക്കെതിരെ ടോസ് നേടിയ കൊൽക്കത്ത ഫീൽഡിംഗ് തെരഞ്ഞെടുത്തു.

**Odisha wins against Sporting Delhi in ISL. Kolkata won the toss and elected to field against Delhi in the IPL.**

**WB- CHIEF MINISTER**

പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയായി സുവേന്ദു അധികാരി നാളെ സത്യപ്രതിജ്ഞ ചെയ്യും. ബംഗാളിലെ ആദ്യത്തെ ബിജെപി മുഖ്യമന്ത്രിയാണ് സുവേന്ദു. ഇന്ന് നടന്ന നിയമസഭാ കക്ഷി യോഗത്തിൽ ബിജെപി നിയമസഭാ കക്ഷി നേതാവായി മുതിർന്ന നേതാവ് സുവേന്ദു അധികാരിയുടെ പേര് നിർദ്ദേശിക്കപ്പെട്ടതായും കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇത് ഔദ്യോഗികമായി പ്രഖ്യാപിച്ചതായും ബിജെപി വൃത്തങ്ങൾ അറിയിച്ചു. പുതിയ ബിജെപി സർക്കാരിന്റെ സത്യപ്രതിജ്ഞാ ചടങ്ങ് നാളെ കൊൽക്കത്തയിലെ ബ്രിഗേഡ് പരേഡ് ഗ്രൗണ്ടിൽ നടക്കും.

## KERALA CM–DISCUSSION

കേരളത്തിൽ പുതിയ മുഖ്യമന്ത്രിയെ തീരുമാനിക്കാനായുള്ള ചർച്ചകൾ തുടരുന്നു. കോൺഗ്രസ് നിയമസഭാ കക്ഷി യോഗത്തിനു ശേഷം അഖിലേന്ത്യാ നേതൃത്വത്തിന്റെ നിരീക്ഷകർ ഇന്നലെ ഡൽഹിക്കു മടങ്ങി. ഇവർ കോൺഗ്രസ് ദേശീയ നേതൃത്വവുമായി നടത്തുന്ന ചർച്ചകൾക്കു ശേഷമാവും പാർലമെന്ററി പാർട്ടി നേതാവിനെ സംബന്ധിച്ച തീരുമാനം പ്രഖ്യാപിക്കുക. മുഖ്യമന്ത്രി സ്ഥാനത്തേക്ക് വി.ഡി സതീശൻ, കെ.സി വേണുഗോപാൽ, രമേശ് ചെന്നിത്തല തുടങ്ങിയ മുതിർന്ന നേതാക്കളിൽ ആര് വേണമെന്ന കാര്യത്തിൽ വിഭിന്ന അഭിപ്രായങ്ങൾ ഉയരുന്ന സാഹചര്യത്തിൽ ഹൈക്കമാൻഡ് ഇത് സംബന്ധിച്ച

അന്തിമ തീരുമാനം വൈകാതെ അറിയിക്കും. ഞായറാഴ്ച പ്രഖ്യാപനം ഉണ്ടാകും എന്നാണ് പ്രതീക്ഷ.

❁❁❁❁❁❁❁❁❁❁❁❁❁

**TN–STALEMATE**

തമിഴ്നാട്ടിൽ പുതിയ സർക്കാർ രൂപീകരിക്കുന്നതിന്റെ ഭാഗമായി, ഏറ്റവും വലിയ ഒറ്റകക്ഷിയായ തമിഴക വെട്രി കഴകത്തിന് സി.പി.ഐ, സി.പി.എം, മുസ്ലിം ലീഗ് പാർട്ടികൾ പിന്തുണ പ്രഖ്യാപിച്ചു. ഇതോടെ സർക്കാർ രൂപീകരിക്കുന്നതിനുള്ള 118 എന്ന സംഖ്യ ഉറപ്പിക്കാൻ ടിവികെയ്ക്കായി. വിസികെയും പിന്തുണ നൽകാൻ സാധ്യതയുണ്ട്. അഞ്ച് എം.എൽ.എമാരുള്ള കോൺഗ്രസ് നേരത്തെ തന്നെ പിന്തുണ പ്രഖ്യാപിച്ചിരുന്നു. ഇന്ന് നടന്ന ചർച്ചയിലാണ് രണ്ട് എം.എൽ.എമാർ വീതമുള്ള സി.പി.ഐയും സി.പി.എമ്മും ടി.വി.കെയ്ക്ക് പിന്തുണ പ്രഖ്യാപിച്ചത്. ഈ പശ്ചാത്തലത്തിൽ, ടിവികെ, സർക്കാർ രൂപീകരിക്കാനുള്ള അവകാശവാദം ഉന്നയിച്ച് ലോക് ഭവനിൽ ഗവർണർ വിശ്വനാഥ് അർലേക്കറെ കാണും.

❁❁❁❁❁❁❁❁❁❁❁❁❁

**ASSAM – OATH**

അസമിൽ പുതിയ സർക്കാരിൻറെ സത്യപ്രതിജ്ഞ ചൊവ്വാഴ്ച നടക്കും. ബി ജെ പി നേതൃത്വം നൽകുന്ന എൻ ഡി എ തുടർച്ചയായ മൂന്നാം തവണയാണ് സംസ്ഥാനത്ത്

അധികാരത്തിലെത്തുന്നത്. നിയമസഭാ കക്ഷി നേതാവിനെ തിരഞ്ഞെടുക്കുന്നതിനായി, ബി ജെ പി മറ്റന്നാൾ യോഗം ചേരും.

❁❁❁❁❁❁❁❁❁❁❁❁❁

**GUJ-INDIA AIRCRAFT (INTRO)**

ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന വ്യോമയാന വിപണി എന്നതിലുപരി, വിമാനങ്ങൾ പാട്ടത്തിന് നൽകുന്നതിനും ധനസഹായം നൽകുന്നതിനുമുള്ള ആഗോള കേന്ദ്രമായി ഇന്ത്യ അതിവേഗം മാറിക്കൊണ്ടിരിക്കുകയാണെന്ന് കേന്ദ്ര വ്യോമയാന മന്ത്രി കിഞ്ചരാപ്പു റാം മോഹൻ നായിഡു. ഗാന്ധിനഗറിലെ ഗിഫ്റ്റ് സിറ്റിയിൽ, ഇന്ത്യ എയർക്രാഫ്റ്റ് ലീസിംഗ് ആൻഡ് ഫിനാൻസിംഗ് സമ്മിറ്റ് 2.0 യിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

(വോയ്സ്)

പ്രാദേശിക കണക്റ്റിവിറ്റി വർദ്ധിപ്പിക്കുന്നതിനായി ലക്ഷദ്വീപിൽ സീപ്ലെയിൻ സർവീസുകൾ ആരംഭിക്കുമെന്നും അദ്ദേഹം അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**RAJNATH SINGH-TMR**

രാജ്യത്തിന്റെ ശാക്തീകരണവും സുരക്ഷയും അതിർത്തി സംരക്ഷണത്തിൽ മാത്രം ഒതുങ്ങുന്നതല്ലെന്നും സമൂഹം,

പരിസ്ഥിതി, പൗരന്മാർ എന്നിവരുടെ സുരക്ഷയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ തിരംഗ മൗണ്ടൻ റെസ്ക്യൂ സംഘം പത്ത് വർഷം പൂർത്തിയാക്കിയതിന്റെ ആഘോഷ പരിപാടിയിൽ ഇന്ത്യൻ സൈന്യത്തോടൊപ്പം പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഹിമാലയം പോലുള്ള വിദൂരവും തന്ത്രപ്രധാനവുമായ മേഖലകളിലെ രക്ഷാപ്രവർത്തനങ്ങളിൽ തിരംഗ റെസ്ക്യൂ സംഘം, സായുധ സേനയ്ക്ക് ശക്തമായ പിന്തുണയാണ് നൽകുന്നതെന്നും രാജ്യരക്ഷാമന്ത്രി ചൂണ്ടിക്കാട്ടി.

❁❁❁❁❁❁❁❁❁❁❁❁❁

## EC-INDEX CARDS

2026 ലെ നിയമസഭാ തെരഞ്ഞെടുപ്പുകളുടെയും ഉപതെരഞ്ഞെടുപ്പുകളുടെയും ഇൻഡെക്സ് കാർഡുകളും സ്റ്റാറ്റിസ്റ്റിക്കൽ റിപ്പോർട്ടുകളും പുറത്തിറക്കി കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ. ഇതു സംബന്ധിച്ച വിശദമായ ഉള്ളടക്കം ECINET ആപ്പിൽ, കമ്മീഷൻ പ്രസിദ്ധീകരിച്ചു. സ്ഥാനാർത്ഥികൾ, വോട്ടർമാർ, ആകെ വോട്ടുകൾ, എണ്ണിയ വോട്ടുകൾ, പാർട്ടികൾ,സ്ഥാനാർത്ഥികൾ എന്നിവ തരം തിരിച്ചുള്ള വോട്ടുകൾ തുടങ്ങി വിശദവിവരങ്ങളാണ് പുറത്തിറക്കിയത്.

❁❁❁❁❁❁❁❁❁❁❁❁❁

## INDIA SINGAPORE

ഭീകരത, രാജ്യാന്തര കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരായ അഞ്ചാമത് സംയുക്ത കർമ്മ സമിതി യോഗം ന്യൂഡൽഹിയിൽ ചേർന്നു. ഭീകരതയെ നേരിടുന്നതിൽ തന്ത്രപരമായ ഉഭയകക്ഷി സഹകരണത്തിൻറെ പ്രാധാന്യം സംബന്ധിച്ച് ഇന്ത്യയും സിംഗപ്പൂരും യോഗത്തിൽ വ്യക്തമാക്കി. അതിർത്തി കടന്നുള്ള ഭീകരത ഉൾപ്പെടെ എല്ലാത്തരം ഭീകരതയെയും ശക്തമായി അപലപിക്കുന്നതായും ഭീകരതയോട് സഹിഷ്ണുതയില്ലാത്ത നയം ആവർത്തിക്കുന്നതായും യോഗം വ്യക്തമാക്കി.

## YUVA SANGAM – EDUCATION

ഏക് ഭാരത് ശ്രേഷ്ഠ ഭാരത് പദ്ധതിയുടെ ഭാഗമായി കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ യുവസംഗം- ആറാം ഘട്ടം സംഘടിപ്പിക്കും. പരിപാടിയുടെ ഭാഗമായി രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യുവാക്കൾ, അയൽ സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും സന്ദർശിക്കും. യുവജനങ്ങൾക്കിടയിലെ ബന്ധം, സാംസ്കാരിക സംയോജനം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനാണ് പരിപാടി.

## WEST ASIA–CEASEFIRE STRAIN

ഹോർമുസ് കടലിടുക്കിൽ യു എസ് നാവികകപ്പലുകൾക്ക് നേരെ ഇറാൻറെ ആക്രമണം. ആക്രമണത്തിനിടെ മൂന്ന്

കപ്പലുകൾ ഹോർമുസ് കടലിടുക്ക് കടന്നു. ആക്രമണത്തെ ശക്തമായി പ്രതിരോധിച്ചതായും കപ്പലുകൾക്ക് യാതൊരു നാശനഷ്ടവും സംഭവിച്ചിട്ടില്ലെന്നും യു എസ് പ്രസിഡൻറ് ഡോണാൾഡ് ട്രംപ് സ്ഥിരീകരിച്ചു. അതേസമയം, ഇറാനിയൻ എണ്ണ ടാങ്കറിനെയും ഫുജൈറയിലെ കപ്പലുകളെയും ആക്രമിക്കാൻ അമേരിക്ക ലക്ഷ്യമിടുന്നതായി ഇറാൻ ആരോപിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## GOVT-WEST ASIA BRIEFING (INTRO)

പശ്ചിമേഷ്യൻ സാഹചര്യത്തിൽ, ഗാർഹിക ഉപഭോക്താക്കൾക്ക് എൽ പി ജി ക്ഷാമം ഉണ്ടാകാതിരിക്കാനും വില വർധന ഒഴിവാക്കാനുമാണ് ശ്രമിക്കുന്നതെന്ന് കേന്ദ്ര സർക്കാർ. രാജ്യത്തുടനീളമുള്ള വാണിജ്യ എൽ പി ജി വിതരണം ഏകദേശം 70 ശതമാനം പുനഃസ്ഥാപിച്ചുവെന്ന് ന്യൂഡൽഹിയിൽ നടന്ന അന്തർ മന്ത്രാലയ വാർത്താസമ്മേളനത്തിൽ പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയ ജോയിൻറ് സെക്രട്ടറി സുജാത ശർമ്മ പറഞ്ഞു. കഴിഞ്ഞ രണ്ട് ദിവസത്തിനുള്ളിൽ 15,400 ടണ്ണിലധികം വാണിജ്യ എൽപിജി വിതരണം ചെയ്തതായും ശ്രീമതി സുജാത ശർമ്മ അറിയിച്ചു.

(VOICE)

❁❁❁❁❁❁❁❁❁❁❁❁❁

## US COURT-TARIFF

അമേരിക്കൻ ഭരണകൂടം ഏർപ്പെടുത്തിയ 10 ശതമാനം ആഗോള ഇറക്കുമതി തീരുവ നിയമവിരുദ്ധമാണെന്ന് യുഎസ് ഫെഡറൽ കോടതി വിധിച്ചു. നിയമപ്രകാരം ഗുരുതരമായ വിദേശനാണ്യ വിനിമയ പ്രതിസന്ധി നിലവിലുണ്ടെന്ന് തെളിയിക്കാൻ സർക്കാരിന് കഴിഞ്ഞില്ലെന്ന് കോടതി നിരീക്ഷിച്ചു. ഈ കേസുമായി ബന്ധപ്പെട്ട കമ്പനികളിൽ നിന്ന് നികുതി ഈടാക്കുന്നത് ഉടൻ നിർത്താനും ഇതിനകം അടച്ച തുക തിരികെ നൽകാനും കോടതി നിർദ്ദേശിച്ചു. ട്രംപ് ഭരണകൂടം നേരത്തെ കൊണ്ടുവന്ന വ്യാപകമായ ഇറക്കുമതി തീരുവകൾ യുഎസ് സുപ്രീം കോടതി അസാധുവാക്കിയതിനെ തുടർന്നാണ് ഈ വർഷം ആദ്യം പുതിയ തീരുവകൾ ഏർപ്പെടുത്തിയത്.

## KSRTC

ജെൻഡർ ടിക്കറ്റിങ് നടപ്പാക്കാനൊരുങ്ങി കെ എസ് ആർ ടി സി. ഇലക്ട്രോണിക് ടിക്കറ്റ് മെഷീൻ വഴി ടിക്കറ്റ് വിതരണം ചെയ്യുമ്പോൾ പുരുഷൻ, സ്ത്രീ എന്ന് രേഖപ്പെടുത്തുന്നതിനുള്ള സൗകര്യം നാളെ മുതലാണ് പ്രാബല്യത്തിൽ വരിക.

## WEATHER

കേരളത്തിൽ വേനൽമഴ കനക്കുന്നു. ചൊവ്വാഴ്ച്ച വരെ ഇടിമിന്നലോടു കൂടിയ ശക്തമായ മഴയ്ക്കും, കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കണ്ണൂർ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. 9 ജില്ലകളിൽ നാളെയും, ഏഴ് ജില്ലകളിൽ മറ്റന്നാളും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

## ISL FOOTBALL

ഐഎസ്എൽ ഫുട്ബോളിൽ സ്പോർട്ടിംഗ് ഡൽഹിക്കെതിരെ ഒഡീഷയ്ക്ക് ജയം. ഒന്നിനെതിരെ രണ്ട് ഗോളുകൾക്കാണ് ഒഡീഷയുടെ ജയം.

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ഡൽഹി ക്യാപിറ്റൽസിനെതിരെ ടോസ് നേടിയ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഫീൽഡിംഗ് തെരഞ്ഞെടുത്തു. ഡൽഹി അരുൺ ജെയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മത്സരം.

## HANTAVIRUS CASES

എംവി ഹോണ്ടിയസ് ക്രൂയിസ് കപ്പലിലെ മൂന്നാമത്തെ ബ്രിട്ടീഷ് പൗരനും ഹാൻറവൈറസ് സംശയിക്കുന്നതായി

യുകെ സർക്കാർ. രോഗിയെന്ന് സംശയിക്കുന്നയാൾ നിലവിൽ ട്രിസ്റ്റൻ ഡാ കുൻഹ ദ്വീപിലാണ്. രോഗം സ്ഥിരീകരിച്ച രണ്ട് ബ്രിട്ടീഷ് പൗരന്മാരിൽ ഒരാൾ തീവ്രപരിചരണവിഭാഗത്തിൽ തുടരുന്നു.